## പതിമൂന്നാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 5825 — 27-10-2011 ൽ മറുപടിയ്ക്ക്

# വെച്ചൂർ മോഡേൺ റൈസ് മിൽ

| ചോദ്യം<br>ശ്രീ.കെ.അജിത് | മറുപടി<br>ശ്രീ.കെ.പി.മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
|---|---|
| (എ) വൈക്കത്തെ വെച്ചൂർ മോഡേൺ റൈസ് മില്ലിന്റെ ഉത്ഘാടനം നടന്നു വെങ്കിലും അതിന്റെ പ്രവർത്തനം ആരംഭിച്ചിട്ടില്ല എന്ന കാര്യം ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; | (എ) വെച്ചൂർ റൈസ്മില്ലിൽ രണ്ടു യൂണിറ്റുകളാണ് ഉള്ളത്. നെല്ലുപുഴുങ്ങിയെടുക്കുന്ന പാർബോയിലിംഗ് യൂണിറ്റും നെല്ലുകുത്തി എടുക്കുന്ന മില്ലിംഗ് യൂണിറ്റും. ഇവയിൽ മില്ലിംഗ് യൂണിറ്റിന്റെ ഉദ്ഘാടനം 2011 ഫെബ്രുവരി മാസം നടക്കുകയുണ്ടായി. പാർബോയിലിംഗിന്റെ പണി ഓയിൽ പാം ഇൻഡ്യ പൂർത്തീകരിച്ചുകൊണ്ടിരിക്കുന്നു. |
| (ബി) മോഡേൺ റൈസ് മില്ലിന്റെ പ്രവർത്തനത്തിന് ആവശ്യമായ ജീവനക്കാരെ നിയമിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള നടപടി സ്വീകരിക്കുമോ; | (ബി) മോഡേൺ റൈസ്മില്ലിന്റെ പ്രവർത്തനത്തിന് ആവശ്യമായ ജീവനക്കാരെ നിയമിക്കുന്നതിനുള്ള പ്രാരംഭ നടപടിയായി പ്രസ്തുത മില്ലിലേക്കാവശ്യമായ ടെക്നിക്കൽ സ്റ്റാഫിന്റെ തസ്തികകൾ സൃഷ്ടിക്കുന്ന കാര്യം പരിശോധിച്ചു വരുന്നു. |
| (സി) ഈ മിൽ പൂർണ്ണതോതിൽ പ്രവർത്തനക്ഷമമാകുമ്പോൾ എത്ര ടൺ നെല്ല് ഇവിടെ സംസ്കരിക്കാനാകുമെന്ന് വ്യക്തമാക്കാമോ; | (സി) ഈ മിൽ പൂർണ്ണതോതിൽ പ്രവർത്തനക്ഷമമാകുമ്പോൾ പ്രതിവർഷം 12000 ടൺ നെല്ല് സംസ്കരിക്കാനാകുന്നതാണ്. |
| (ഡി) ഈ മില്ലിന്റെ പ്രവർത്തനത്തിന് ആവശ്യമായ മുഴുവൻ നെല്ലും ലഭ്യമാക്കാൻ കഴിയുമോയെന്നും മില്ലിന്റെ പ്രവർത്തനം എന്ന് ആരംഭിക്കാൻ കഴിയുമെന്നും. വ്യക്തമാക്കാമോ? | (ഡി) മില്ലിന്റെ പ്രവർത്തനത്തിന് ആവശ്യമായ മുഴുവൻ നെല്ലും ലഭ്യമാകുന്നതാണ്. മില്ലിന്റെ പ്രവർത്തനം ഭാഗികമായി നവംബർ മാസത്തിൽ ആരംഭിക്കാൻ കഴിയുന്നതാണ്. ഇതിനുള്ള നെല്ല് കർഷകരിൽ നിന്നും ഈ മാസം സംഭരിച്ചുതുടങ്ങി. എന്നാൽ മില്ലിന്റെ പൂർണ പ്രവർത്തനം അടുത്ത കൊയ്ത്തുകാലമായ ഫെബ്രുവരി/മാർച്ച് 2012 ൽ മാത്രമേ ആരംഭിക്കാൻ കഴിയുകയുള്ളൂ. |

സെക്ഷൻ ഓഫീസർ